# പ്രധാന വാക്കുകൾ: നടത്ത സഹായികൾ

| വാക്കുകൾ/ പ്രയോഗം | നിർവചനം | ചിത്രം |
|---|---|---|
| **അംഗവിച്ഛേദനം** | ശരീരത്തിന്റെ ഒരു ഭാഗത്തിന്റെ നഷ്ടം, ഉദാഹരണത്തിന് കാൽ അല്ലെങ്കിൽ കൈ. | |
| **സന്ധിവാതം** | ഒരു വ്യക്തിയുടെ സന്ധികൾ കടുപ്പമുള്ളതോ, വീർത്തതോ, കൂടാതെ / അല്ലെങ്കിൽ അനങ്ങുമ്പോൾ വേദന അനുഭവപ്പെടുകയോ ചെയ്യുന്ന ഒരു ആരോഗ്യ പ്രശ്നം. | |
| **തകർന്ന അസ്ഥി** (ഒടിവ്) | ശരീരത്തിലെ അസ്ഥിയുടെ പൊട്ടൽ അല്ലെങ്കിൽ ഒടിയൽ. | |
| **പ്രമേഹം** | രക്തത്തിൽ പഞ്ചസാരയുടെ അളവ് കൂടുതലുള്ള ഒരു രോഗാവസ്ഥ. ഇത് ഇനിപ്പറയുന്നവ ഉൾപ്പെടെ പല ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമായേക്കാം: ശരീരഭാഗങ്ങളിലെ സംവേദനക്കുറവ് (പ്രത്യേകിച്ച് കാൽപാദങ്ങൾ), തുടർന്നുണ്ടാകുന്ന കാലിലെ മുറിവുകൾ, കാലക്രമേണയുള്ള കാഴ്ച നഷ്ടം, വൃക്കയുടെ തകരാറ്, മൂത്ര നിയന്ത്രണമില്ലായ്മ കൂടാതെ കാര്യങ്ങൾ ഓർത്തെടുക്കുവാനുള്ള ബുദ്ധിമുട്ട്. | |
| **കാലിലെ മുറിവ്** | കാലിലെ തൊലിയുടെ വിള്ളൽ. കാലിലെ സംവേദനക്കുറവിന് കാരണമാകുന്ന പ്രമേഹം പോലുള്ള മറ്റു ആരോഗ്യ അവസ്ഥകളുടേയും സങ്കീർണതയാണ് കാലിൽ ഉണ്ടാകുന്ന മുറിവുകൾ. ചികിത്സിച്ചില്ലെങ്കിൽ, പ്രമേഹം മൂലമുള്ള കാലിലെ മുറിവ് അവയവ വിച്ഛേദനത്തിന് വരെ ഇടയാക്കും. പ്രമേഹം മൂലമുള്ള കാലിലെ മുറിവുകളെ കാലിലെ |  |

| | | |
|---|---|---|
| | അൾസർ എന്നും വിളിക്കുന്നു. | |
| **ദുർബലത/ബലഹീനത** | ക്ഷീണം, ബലഹീനത കൂടാതെ ശക്തിക്കുറവ്. ആളുകൾക്ക് പ്രായം കൂടുമ്പോഴും ആരോഗ്യം നശിക്കുമ്പോഴും ഇത് സംഭവിക്കാറുണ്ട്. | |
| **കൈകളുടെ പ്രവർത്തനം** | പ്രവൃത്തി ചെയ്യുമ്പോൾ കൈകൾ ഉപയോഗിക്കുവാനുള്ള കഴിവ്, ഉദാഹരണമായി എഴുത്ത്, സാധനങ്ങൾ കൊണ്ടുപോകൽ, ഭക്ഷണം തയ്യാറാക്കൽ, തുന്നൽ. | |
| **തളർച്ച** | ശരീരഭാഗം ചലിപ്പിക്കുവാനുള്ള കഴിവ് നഷ്ടപ്പെടൽ (സാധാരണയായി കാലുകൾ അല്ലെങ്കിൽ കൈകൾ). | |
| **പോളിയോ** | ഒരു വ്യക്തിയുടെ പേശികൾ ദുർബലമാക്കുകയോ തളർത്തുകയോചെയ്യുന്ന മാരകമായ ഒരു പകർച്ചവ്യാധി. ഈ അണുബാധയിൽ നിന്ന് സുഖം പ്രാപിച്ചതിന് ശേഷവും ഇത് അവരുടെ ചലനശേഷിയെ ബാധിക്കും. | |
| **കൃത്രിമ കാൽ അല്ലെങ്കിൽ കാൽപാദം** | വിച്ഛേദിക്കപ്പെട്ട കാലിനോ കാൽപാദത്തിനോ പകരമായി, ഒരു കൃത്രിമ കാൽ അല്ലെങ്കിൽ കാൽപാദം. |  |
| **പക്ഷാഘാതം** | തലച്ചോറിലേയ്ക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുന്നു. ഇത് ശരീരത്തിന്റെ ഒരു ഭാഗം ബലഹീനതയ്ക്കോ തളർച്ചയ്ക്കോ കാരണമാകുന്നു, കൂടാതെ സംസാരത്തിലും, സംവേദനത്തിലും, ചിന്തിക്കുന്നതിലും, കാണുന്നതിലും പ്രശ്നങ്ങളുണ്ടായേക്കാം. | |

| | | |
|---|---|---|
| **അനുയോജ്യമായ ഷൂസ്** | കൃത്യമായി പാകമാകുന്ന, കാൽപാദങ്ങൾക്ക് സംരക്ഷണം നൽകി വീഴ്ചയ്ക്കുള്ള സാധ്യത കുറയ്ക്കുന്ന തരം സവിശേഷതകൾ ഉള്ള, പ്രാദേശികമായി വാങ്ങാൻ കഴിയുന്ന ഷൂകൾ. |  |
| **ചികിത്സാ പാദരക്ഷകൾ** | മുറിവുണ്ടാകുവാൻ സാധ്യതയുള്ള കാലുകൾക്ക്, കൂടുതൽ സംരക്ഷണവും പിന്തുണയും നൽകുന്ന പ്രത്യേക സവിശേഷതകളുള്ള ഷൂകൾ. |  |
| **ഭാരം വഹിക്കൽ** | ഒരു വ്യക്തിയ്ക്ക് തന്റെ കാലുകളാൽ വഹിക്കുവാൻ കഴിയുന്ന ഭാരത്തിന്റെ അളവ്. | |